**വിഷയം : ത്രിദിന ദേശീയസെമിനാർ – 'സുസ്ഥിര വികസനം : കേരളത്തിനുവേണ്ടി ഒരു നയ മാർഗ്ഗ രേഖ' – 2016 മാർച്ച് ആദ്യവാരം**

'സുസ്ഥിര വികസനം : കേരളത്തിനുവേണ്ടി ഒരു നയ മാർഗ്ഗരേഖ' എന്ന വിഷയത്തിൽ സി.അച്യുതമേനോൻ ഫൗണ്ടേഷൻ 2016 മാർച്ച് ആദ്യവാരം ഒരു ത്രിദിന ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. കേരളത്തിന്റെ സുസ്ഥിരവികസനവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട മേഖലകളെ പ്രതിനിധീകരിച്ച് അതാത് രംഗത്തെ വിദഗ്ദ്ധർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. സെമിനാർ പ്രബന്ധങ്ങൾ പിന്നീട് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

ഈ വിഷയത്തിൽ അനുഭവസമ്പന്നനായ താങ്കൾ ആറ് സെഷനുകളിലായി നടക്കുന്ന സെമിനാറിൽ ഏതെങ്കിലും ഒന്നിൽ ഒരു പ്രബന്ധം അവതരിപ്പിച്ചുകൊണ്ട് പങ്കെടുക്കണമെന്ന് ഫൗണ്ടേഷനുവേണ്ടി സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. സെമിനാറിൽ ചർച്ച ചെയ്യാനുദ്ദേശിക്കുന്ന ഒരു തീം പേപ്പർ (Theme Paper) ഇതോടൊപ്പം അയയ്ക്കുന്നു. താങ്കൾ അവതരിപ്പിക്കാനുദ്ദേശിക്കുന്ന പ്രബന്ധത്തിന്റെ പൂർണ്ണരൂപം _/ സംഗ്രഹം **2016 ഫെബ്രുവരി 20 ന്** മുമ്പായി ഫൗണ്ടേഷൻ ഓഫീസിൽ എത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഫൗണ്ടേഷനിലേക്ക് ഇ–മെയിൽ ചെയ്താലും മതിയാകും. (e-mail : cachyuthamenonfoundation@yahoo.com)

ഞങ്ങളുടെ അഭ്യർത്ഥന സ്വീകരിച്ച് സെമിനാറിൽ പങ്കെടുക്കുന്നുണ്ടെങ്കിൽ വിവരം കഴിവതും വേഗം അറിയിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുടെ വെബ്സൈറ്റ് നോക്കുക : www.achuthamenonfoundation.org

സ്നേഹാദരങ്ങളോടെ,

കാനം രാജേന്ദ്രൻ
പ്രസിഡന്റ്

എൻ.ഷൺമുഖം പിള്ള
സെക്രട്ടറി

ഡോ.ആർ.കെ.സുരേഷ്കുമാർ
ജനറൽ കൺവീനർ
Mob : 9387803414

# സുസ്ഥിരവികസനം: കേരളത്തിനുവേണ്ടി ഒരു നയ മാർഗ്ഗ രേഖ

വർത്തമാന കാലഘട്ടത്തിൽ കേരളം പല രംഗങ്ങളിലും അഭൂതപൂർവ്വമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. മുൻകാലങ്ങളിൽ ഇത്തരം മാറ്റങ്ങളും, അവയുടെ കാരണങ്ങളും പ്രത്യാഘാതങ്ങളുമൊക്കെ വളരെ സൂക്ഷ്മമായി മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്യുമായിരുന്നു കേരളസമൂഹം. എന്നാൽ ആഗോളവത്കരണത്തിന്റെ ആഘാതം ഒരു മൂന്നുപതിറ്റാണ്ടായി ഏറ്റുവാങ്ങിയ കേരളം തികച്ചും വ്യക്ത്യാധിഷ്ഠിത സമൂഹമായി മാറിയിരിക്കുന്നു. അതുകൊണ്ട് തന്നെ കമ്പോള മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ പ്രധാനമായും മാറ്റങ്ങളെ വിലയിരുത്തുവാൻ വ്യക്തികൾ തയ്യാറാകുന്നുള്ളൂ. ഒരുപക്ഷേ സമൂഹമെന്ന നിലയിൽ നിന്ന് പിൻമാറി വ്യക്തിഗത മൂല്യങ്ങളിൽ നിന്നുമാത്രം മാറ്റങ്ങളെ വിലയിരുത്തിയാൽ മാറ്റങ്ങളുടെ യഥാർത്ഥമായ കാര്യകാരണങ്ങൾ മനസ്സിലാക്കുക എന്നുള്ളത് വളരെ പ്രയാസകരമായി തീരും. രാഷ്ട്രീയ പാർട്ടികൾക്കുപോലും ഇത്തരം വിലയിരുത്തലുകൾക്ക് പ്രാപ്തിനഷ്ടപ്പെട്ടിരിക്കുന്നു എന്നത് നിലവിലുള്ള രാഷ്ട്രീയസാഹചര്യങ്ങളിൽ നിന്നും ഏതൊരാൾക്കും മനസ്സിലാക്കാവുന്നതാണ്.

കേരളസമൂഹത്തിൽ പ്രകടമാകുന്ന പ്രധാനമായ ഒരു മാറ്റം അതിന്റെ സമ്പദ്‌വ്യവസ്ഥയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ചലനങ്ങളാണ്. ഏതൊരു മലയാളിയും ഇന്ന് വശംവദരായി പോകുന്ന ഒരു സംജ്ഞയാണ് 'വികസനം'. രാഷ്ട്രീയ പാർട്ടികളും സർക്കാർ സംവിധാനങ്ങളും ബുദ്ധിജീവികളും നേതാക്കൻമാരുമൊക്കെ വളരെ വാചാലമായി കേരളവികസനത്തെകുറിച്ച് താല്പര്യപ്പെട്ടിരിക്കുന്നു. എന്നാൽ വ്യക്തമായും എന്താണ് വികസനമെന്നത് എവിടെയും ചർച്ച ചെയ്യപ്പെടുന്നില്ല. നിലവിലെ സാഹചര്യങ്ങളിൽ വമ്പൻ കെട്ടിട സമുച്ചയങ്ങളും, വ്യാപാര കേന്ദ്രങ്ങളും, കേന്ദ്രീകൃത വാസസ്ഥലങ്ങളും, വലിയവിമാനത്താവളങ്ങളുമൊക്കെ ചേർന്നൊരു സമ്പന്ന സാഹചര്യത്തെയാണ് വികസനം എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. പടിഞ്ഞാറൻ മാതൃകകളെ പിൻതുടർന്നുള്ള ഇത്തരം വികസനസങ്കല്പം മുതലാളിത്ത രാജ്യങ്ങളിൽ പോലും ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. പാരിസ്ഥിതിക പ്രശ്നങ്ങളിൽ പെട്ടുപോയ വികസന മാതൃക, ശ്വസിക്കാനുള്ള വായുവിനും കുടിക്കാനുള്ള ശുദ്ധജലത്തിനും വരെ കമ്പോളവത്കൃത മാതൃകകളെ അവലംബിക്കുമ്പോൾ ജീവിതം ഒട്ടുമിക്ക വിഭാഗങ്ങൾക്കും പ്രയാസമേറിയ ഒരു പ്രക്രിയയായി തീർന്നിരിക്കുന്നു. എന്തുതരം പ്രശ്നങ്ങളേയും അതിജീവിക്കാനുള്ള കമ്പോള മാർഗങ്ങൾ അവലംബിക്കുന്ന മുതലാളിത്ത വ്യവസ്ഥിതി ഈ പ്രശ്നത്തേയും അതിജീവിക്കുവാൻ പരിഹാരമാർഗം നിർദ്ദേശിച്ചിട്ടുണ്ട്. ആഗോളമണ്ഡലത്തിൽ പ്രശ്നപരിഹാരാർത്ഥം കൂട്ടായി പ്രവർത്തിക്കണമെന്ന നാട്യത്തിൽ പുത്തൻ മേൽകോയ്മ നേടുന്നതിനുവേണ്ടി പാരിസ്ഥിതിക സമത്വവും പാരിസ്ഥിതികാനുവർത്തിയുമായ സാങ്കേതിക നേട്ടങ്ങളുമായി സുസ്ഥിര വികസനത്തെ പ്രതിഷ്ഠിച്ചിരിക്കുന്നു. എന്നാൽ സുസ്ഥിര വികസനമെന്നത് നിലനില്പിന്റെയും, ജീവൻമരണപോരാട്ടത്തിന്റെയും ഒരു പ്രക്രിയയായി നമ്മെപ്പോലുള്ള വികസ്വര രാജ്യങ്ങളിൽ രൂപപ്പെടേണ്ടിയിരിക്കുന്നു.

കേരള വികസന ചർച്ചകളിൽ പലപ്പോഴും സുസ്ഥിര വികസനമെന്ന പദം ഉപയോഗിക്കുന്നുണ്ടെങ്കിലും അതിന്റെ അനിവാര്യത എത്രമാത്രമാണെന്ന ഒരു ധാരണയും പലർക്കും ഇല്ല എന്നുള്ളതാണ് വസ്തുത. സമീപകാലങ്ങളിൽ കേരള വികസനത്തെക്കുറിച്ച് വൻ ചർച്ചകൾ നടന്നുവെങ്കിലും തികച്ചും യാന്ത്രികവും പരമ്പരാഗതവുമായ സമീപനങ്ങൾ മാത്രമാണ് കേരളവികസനത്തെക്കുറിച്ച് ഉണ്ടായിട്ടുള്ളത്.

സുസ്ഥിര വികസനം എപ്രകാരം ആയിരിക്കണമെന്നും, എന്തുകൊണ്ട് സുസ്ഥിര വികസനമാണ് അനിവാര്യമായിട്ടുള്ളതെന്നും കേരളം മനുഷ്യവാസയോഗ്യമാവണമെങ്കിൽ സുസ്ഥിര വികസനമല്ലാതെ മറ്റ് മാർഗങ്ങൾ ഒന്നും ഇല്ല എന്നും ചിന്തിക്കുന്ന ഏതൊരാൾക്കും മനസ്സിലാവുന്നതാണ്.

കേരളത്തിന്റെ വികസന പശ്ചാത്തലത്തിൽ സുസ്ഥിര വികസനത്തിന്റെ അനിവാര്യതയെ കുറിച്ചും, അത് ഫലവത്താക്കാനുള്ള മാർഗങ്ങളെ കുറിച്ചു ചിന്തിക്കുന്നതിനുവേണ്ടിയും, നയരൂപീകരണത്തിനുമായിട്ടാണ് ഈ സെമിനാർ സംഘടിപ്പിച്ചിരിക്കുന്നത്.

സെമിനാറിന്റെ ആറ് സെഷനുകളെ സംബന്ധിച്ച വിവരണം താഴെ കൊടുക്കുന്നു.

### സെഷൻ 1. കേരളത്തിന്റെ വികസനപ്രവണതകൾ

കേരള വികസന മാതൃക മലയാളികൾക്ക് സാമൂഹ്യ-വികസന മണ്ഡലങ്ങളിൽ അഭൂതപൂർവ്വമായ നേട്ടങ്ങൾ നൽകി. എന്നാൽ സാമ്പത്തിക മേഖലകളിൽ ഉയർന്ന നേട്ടങ്ങൾ ഉണ്ടാക്കുവാൻ അതിന് കഴിഞ്ഞില്ല. അതുകൊണ്ട് തന്നെ സ്ഥായിയായ വികസനത്തിന് അതിനെ മാറ്റിയെടുക്കേണ്ടിയിരിക്കുന്നു. 1985-ന് ശേഷം വളർച്ചാ നിരക്കിൽ കേരളത്തിൽ 10 ശതമാനത്തിന് മേൽ ഉയർച്ച ഉണ്ടായി. എന്നാൽ ഈ വളർച്ചാ നിരക്കിന്റെ നേട്ടം കേരള സമൂഹത്തിൽ എന്ത് മാറ്റങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് വിലയിരുത്തേണ്ടതുണ്ട്. വികസനം ഏതെല്ലാം മേഖലകളിലാണ് ഉണ്ടായിട്ടുള്ളത് ? ആരാണ് ഈ നേട്ടങ്ങളുടെ പ്രായോജകർ? കേരളത്തിന് പരിചിതമായിട്ടുള്ള പുരോഗതി നിലനിർത്തുവാനായിട്ടുണ്ടോ? ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്താണ്? ഈ കാലയളവിൽ ഉണ്ടായിട്ടുള്ള ഭരണനിർവ്വഹണ പ്രക്രിയ ഏതു തരത്തിലാണ് വികസനത്തെ സ്വാധീനിച്ചിട്ടുള്ളത്? വികസന മാതൃക നിലനിർത്തുവാനായി നമുക്ക് ഏത് തരത്തിൽ വളർച്ചയെ സ്വാധീനിക്കണം? എന്തു തരത്തിലുള്ള നയങ്ങൾക്കാണ് വികസനത്തെ ജനോപകാരപ്രദമാക്കാൻ കഴിയുക?

ഇങ്ങനെയുള്ള ചോദ്യങ്ങൾക്ക് മറുപടി കണ്ടെത്തുക എന്നുള്ള ലക്ഷ്യത്തോടെയാണ് ഈ തലക്കെട്ടിലുള്ള വിഷയങ്ങളിലെ ചർച്ചകൾ രൂപപ്പെടേണ്ടത്.

## സെഷൻ 2. മുഖ്യമേഖലകളിലെ സുസ്ഥിരതയുടെ പ്രശ്നങ്ങൾ

കേരളത്തിന്റെ വളർച്ചാ നിരക്ക് ദേശീയ ശരാശരിയേക്കാളും മേലെയാണ്. എന്നാൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചാ രീതി സ്ഥായിയായി നിലനിൽക്കുന്നതാണോ എന്നുള്ളത് നാം പരിശോധിക്കേണ്ടിയിരിക്കുന്നു. സേവനമേഖല 60 ശതമാനവും കാർഷികമേഖല 15 ശതമാനവും, വ്യാവസായികമേഖല 25 ശതമാനവും എന്ന തോതിലാണ് കേരളത്തിലെ സമ്പദ്ഘടന. എന്നാൽ സേവന മേഖലയുടെ വളർച്ച ഏതാനും ചില മേഖലകളിൽ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. പ്രധാനമായും ഗതാഗതം, നിർമ്മാണം, ബാങ്കിംഗ്, ഹോട്ടൽ തുടങ്ങി, വ്യാപാര സമുച്ചയങ്ങൾ എന്നിവയിലാണ് വളർച്ച രേഖപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് തന്നെ ഇത്തരം സേവന മേഖലയിലെ ഉയർന്ന വളർച്ച സാധാരണ ജനങ്ങൾക്ക് ഉല്പാദനപരമായ വരുമാനമോ, തൊഴിലുകളോ നൽകുവാൻ പര്യാപ്തമല്ല. അതേപോലെ തന്നെ കാർഷികമേഖല കാലങ്ങളായി ശോഷിച്ചുകൊണ്ടിരിക്കുകയും, വ്യാവസായിക മേഖല ചലനമറ്റ അവസ്ഥയിലും കാണപ്പെടുന്നതിനാൽ അത്തരം മേഖലകൾക്കും ഉല്പാദനപരമായ സംഭാവന കേരള സമൂഹത്തിന് നൽകാൻ കഴിയാതെ വന്നിരിക്കുന്നു. കാർഷിക മേഖലയിലെ വിവിധ പ്രക്രിയകളിൽ ഏർപ്പെട്ടിരുന്ന ആളുകൾക്ക് അവയൊക്കെ ഉപേക്ഷിക്കേണ്ടി വരുന്ന അവസ്ഥയും സംജാതമായിട്ടുണ്ട്. ഇത്തരത്തിൽ ഉണ്ടാകുന്ന ഒരു വളർച്ചാരീതി അത് എത്ര ഉയർന്നതായാലും പൊതുവായ സാമൂഹ്യ സാമ്പത്തിക ലക്ഷ്യങ്ങൾ ഒന്നുംതന്നെ നേടുവാൻ സാദ്ധ്യമല്ലാത്തതാണ്. തൊഴിലുകൾ നഷ്ടപ്പെടുകയും തൊഴിലവസരങ്ങൾ ഉണ്ടകാതിരിക്കുകയും സമൂഹത്തിലെ അസമത്വം വർദ്ധിക്കുകയും, അസ്വസ്ഥതകൾ വളരുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ ഈ വികസന രീതിയെക്കുറിച്ച് നാം ബോധവാന്മാരാകേണ്ടതുണ്ട്. വിവിധ മേഖലകൾ തമ്മിലുള്ള ജൈവപരമായ സന്തുലനം ഉണ്ടാകേണ്ടതുണ്ടോ? ഒരു പരാശ്രയ സമ്പദ് വ്യവസ്ഥയായി തുടരുകയാണോ അഭികാമ്യം? കാർഷിക മേഖലയെ പുനർജീവിപ്പിക്കുവാൻ സാധ്യമാണോ? വ്യാവസായിക മേഖലയെ കേരള സാഹചര്യങ്ങളിൽ എങ്ങനെ പരുവപ്പെടുത്താം? അസന്തുലിതമായ സേവന വ്യാപനം കേരളത്തിന്റെ ഭാവിയ്ക്ക് അനുഗുണമാണോ? ഇവയൊക്കെ പരിഹരിക്കുവാൻ പ്രാപ്തമായ നയങ്ങൾ എങ്ങിനെ ഉള്ളതായിരിക്കണം? തുടങ്ങിയ വിഷയങ്ങളാണ് ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടത്.

## സെഷൻ 3. വികസനത്തിന്റേയും സുസ്ഥിരതയുടേയും ജീവനപ്രശ്നങ്ങൾ

മേൽപ്പറഞ്ഞ രീതിയിൽ ഉണ്ടാകുന്ന വളർച്ചാരീതിയുടെ ഫലമായി കേരള സമൂഹത്തിലെ വലിയൊരു വിഭാഗം പ്രാന്തവത്കരിക്കപ്പെടുകയും ദാരിദ്ര്യവത്കരിക്കപ്പെടുകയും ചെയ്യപ്പെട്ടിരിക്കുന്നു. നിത്യജീവിതം പോലും നിസ്സഹായവസ്ഥയിലായിട്ടുള്ള സാധാരണ കുടുംബങ്ങൾ കേരളത്തിൽ ഒട്ടനവധിയാണ്. കേരളത്തിലെ മത്സ്യബന്ധന മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങൾ, കൃഷിക്കാർ, ആദിവാസികൾ, സ്ത്രീ ജനങ്ങൾ, പരമ്പരാഗത മേഖലയെ ആശ്രയിച്ച് കഴിഞ്ഞവർ, മറ്റ് വിഭാഗങ്ങളിലെ സാധാരണ കുടുംബങ്ങൾ തുടങ്ങിയവർ നിലവിലുള്ള വികസന രീതിയിൽ പുറംതള്ളപ്പെട്ടവരും ദാരിദ്ര്യത്താലും ആരോഗ്യപ്രശ്നങ്ങളാലും മുന്നോട്ട് പോകാൻ കഴിയാതെ ഉഴലുന്നവരുമാണ്. പ്രകൃതിവിഭവങ്ങളുടെ മേൽ ആധിപത്യം ഉറപ്പിച്ച് അതിനെ ചൂഷണം ചെയ്ത് കൊള്ളലാഭം കൊയ്ത് അനിയന്ത്രിതമായ വികസനപ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു അസുരവിഭാഗത്തിന് ഭരണകേന്ദ്രങ്ങളെ തങ്ങളുടെ സമ്പത്താൽ വരുതിയിൽ നിർത്തുവാൻ കഴിയുന്നു. ഇത്തരക്കാർ ജാതി-മത വിഭാഗീയത വളർത്തിക്കൊണ്ട് പൊതുസമൂഹത്തെ ഇല്ലായ്മ ചെയ്തും, പൊതുതാല്പര്യങ്ങളെ പരാജയപ്പെടുത്തിയും സാധാരണ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുകയാണ്. ഈയൊരു സാഹചര്യം പൊതുവായ ഒരു സമീപനത്തിൽ കൂടി എങ്ങനെ മറികടക്കാം? സാധാരണ പൗരന്മാരുടെ ജീവിതം എങ്ങനെ പ്രകാശമയമാക്കാം? ഭരണപരമായ നയങ്ങളാലും ഇടപെടലുകളാലും ഈ കൊള്ളക്കാരിൽ നിന്ന് കേരളീയ സമൂഹത്തെ എങ്ങനെ രക്ഷപ്പെടുത്താം? കേരള സമൂഹത്തിന്റെ പ്രകൃതി വിഭവങ്ങൾ നിലനിർത്തിക്കൊണ്ട് തന്നെ അമിത ചൂഷണം ഇല്ലായ്മ ചെയ്ത് സ്ഥായിയായ ഒരു വികസനം എങ്ങിനെ ഉറപ്പാക്കാം? ഓരോ പൗരന്റേയും മിതമായ ആവശ്യങ്ങളെ സാധൂകരിച്ചുകൊണ്ട് എങ്ങിനെ സുസ്ഥിരമായ ഒരു വികസന മാതൃക രൂപപ്പെടുത്താം. ഇത്തരം വിഷയങ്ങളാണ് ഈ വിഭാഗത്തിൽ ചർച്ചയാകേണ്ട മുഖ്യപ്രശ്നങ്ങൾ.

## സെഷൻ 4. സുസ്ഥിരവികസനവുമായി ബന്ധപ്പെട്ട് രൂപപ്പെടേണ്ട ഭരണതലങ്ങൾ

നമ്മുടെ ഭരണ പ്രക്രിയയുമായി ബന്ധപ്പെട്ട സംവിധാനങ്ങളും രീതികളും ഇന്നും പ്രസക്തമായി നിലനിൽക്കുന്നുണ്ട്. ഭരണപരമായ സാദ്ധ്യതകളെ മാറ്റങ്ങൾക്ക് വേണ്ടി നന്നായി ഉപയോഗിച്ചവരാണ് കേരളസമൂഹം. അതിന്റെ ഉദാത്തമായ ഉദാഹരണമാണ് വികേന്ദ്രീകൃതാസൂത്രണം. പക്ഷപാതപരമായും, ഗൂഢോദ്ദേശങ്ങളോടു കൂടിയും വികേന്ദ്രീകരണത്തെ വരുതിയിലാക്കിക്കൊണ്ട് സങ്കുചിത ലക്ഷ്യങ്ങൾക്കായി പലരും അതിനെ ഉപയോഗിച്ചിട്ടുണ്ട്. എന്നിരുന്നാൽ തന്നെയും ജനസമൂഹം വികേന്ദ്രീകരണത്തെ കുടുംബശ്രീ പോലുള്ള ശുഭകരമായ മാറ്റങ്ങൾക്ക് വേണ്ടിയും ഉപയോഗപ്പെടുത്തിയതിന്റെ ദൃഷ്ടാന്തങ്ങളും നമ്മുടെ മുന്നിൽ പരിചിതങ്ങളാണ്. ഒരു സമൂഹത്തിന്റെ ആവശ്യങ്ങളേയും വിഭവങ്ങളേയും ആ സമൂഹത്തിൽപ്പെട്ട ഓരോ മനുഷ്യരുടേയും അടിസ്ഥാന ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിനായി ഉപയോഗിക്കപ്പെടേണ്ടതുണ്ട്. സുസ്ഥിര

വികസനമെന്നത് സാധ്യമാകണമെങ്കിൽ വിഭവ വിനിയോഗം ഓരോ പൗരന്റേയും, കുടുംബങ്ങളുടേയും അടിസ്ഥാന ആവശ്യങ്ങളെ മനസ്സിലാക്കിക്കൊണ്ട് ആസൂത്രണം ചെയ്യപ്പെട്ടതാകണം. വികേന്ദ്രീകരണാസൂത്രണം ഈയൊരു പ്രക്രിയയ്ക്ക് ഏറ്റവും അനിവാര്യമായ ഭരണക്രമമാണ്. എങ്ങിനെ വിഭവ വിതരണം പൗരന്റെ അടിസ്ഥാന അവകാശങ്ങളുമായി ഉല്പാദനപരമായും, തുല്യതയോടും കൂടി ഉറപ്പാക്കും എന്നുള്ള താത്വികമായും പ്രായോഗികമായും ഉയർന്നുവരുന്ന പ്രശ്നങ്ങളാണ് ഈ വിഭാഗത്തിൽ നാം ചർച്ച ചെയ്യേണ്ടത്.

**സെഷൻ 5. സുസ്ഥിര വികസനനിർവ്വഹണം അഭിമുഖീകരിക്കേണ്ടി വരുന്ന വൈരുദ്ധ്യങ്ങൾ**

പ്രകൃതി വിഭവങ്ങളെ ഓരോ പൗരന്റേയും അടിസ്ഥാന ആവശ്യങ്ങളുമായി ബന്ധപ്പെടുത്തി അവയൊക്കെ പൗരന്റെ അവകാശങ്ങളായി മാറ്റപ്പെടുമ്പോൾ സ്വാഭാവികമായും വൈരുദ്ധ്യങ്ങൾ ധാരാളമായി ആവിർഭവിയ്ക്കാം. പ്രത്യേകിച്ച് ഇപ്പോൾ നിലവിലുള്ള ഭരണക്രമം പൊതുജനാവശ്യങ്ങളിൽ നിന്നും അകന്നുമാറി വിഭവങ്ങളുടെ മേൽ പലപ്രകാരത്തിലും കുത്തകാവകാശം ലഭ്യമാക്കാൻ ലക്ഷ്യമിട്ടിറങ്ങിയിട്ടുള്ള മാഫിയ കൂട്ടരെ സഹായിക്കുന്ന തരത്തിൽ പ്രവർത്തിക്കുമ്പോൾ വൈരുദ്ധ്യങ്ങൾ രൂക്ഷമാക്കപ്പെടാം. ഇങ്ങനെ രൂപപ്പെടുന്ന വൈരുദ്ധ്യങ്ങളെ എപ്രകാരം മറികടക്കാം എന്നുള്ള നയരൂപീകരണത്തിന്റെ ശക്തിയായിരിക്കും സുസ്ഥിരവികസനം നേടിയെടുക്കുവാനുള്ള സാഹചര്യം ഉളവാക്കുക. വൈരുദ്ധ്യങ്ങളെ കുറിച്ചും പ്രായോഗിക തലത്തിൽ അവയെ അഭിമുഖീകരിക്കേണ്ട രീതികളെ കുറിച്ചുമാണ് ഈ വിഭാഗത്തിൽ നാം ചർച്ച ചെയ്യേണ്ടത്.

**സെഷൻ 6. സുസ്ഥിര വികസനത്തിന്റെ പരീക്ഷണാനുഭവങ്ങൾ**

വ്യക്തികളും, സർക്കാരേതര സംഘടനകളും (NGOs), പൗരസമൂഹ (Civil Society) പ്രസ്ഥാനങ്ങളും സുസ്ഥിര വികസനാർത്ഥം അവരവരുടേതായ നിലയിൽ ആഗോളതലത്തിലും നമ്മുടെ രാജ്യത്തും, സംസ്ഥാനത്തും ഒക്കെ പല പ്രവർത്തികളും ഏറ്റെടുത്ത് വിജയിപ്പിച്ചിട്ടുണ്ട്. അവരുടെ ഒക്കെ അനുഭവ സമ്പത്ത് സുസ്ഥിര വികസനാർത്ഥം മനസ്സിലാക്കേണ്ടതും പാഠങ്ങൾ ഉൾക്കൊള്ളേണ്ടതുമാണ്. ഈ വിഭാഗത്തിൽ അത്തരം വിശദീകരണങ്ങൾ പ്രതീക്ഷിക്കുന്നു.